കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- കുടുംബശ്രീ - ജീവനക്കാര്യം - ശ്രീ. ഉന്മേഷ്.ബി (എൽ.ഡി.ക്ലർക്ക്, ജി.വി.എച്ച്.എസ്.എസ്, മോഗ്രാൽ, കാസർഗോഡ്) -യുടെ കുടുംബശ്രീ കൊല്ലം ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.2229/2020/ത.സ്വ.ഭ.വ തീയിതി,തിരുവനന്തപുരം,27/11/2020.

---

പരാമർശം:- 1. 10.05.2013 തീയതിയിലെ 42/2013/ധന. നം. സർക്കുലർ
2. 28.11.2013 തീയതിയിലെ സ.ഉ.(പി) നം. 580/2013/ധന.
3. 20.03.2017-ലെ സ.ഉ.(സാധാ) നം.789//2017/തസ്വഭവ
4. 11.06.2018 -ലെ സ.ഉ.(സാധാ) നം.1590/2018/തസ്വഭവ
5. 29.07.2019-ലെ സ.ഉ.(സാധാ) നം.1630/2019/തസ്വഭവ
6. കുടുംബശ്രീ ഡയറക്ടറുടെ 22.09.2020-ലെ 3452//ഇ 1/2017/കെ.എസ്.എച്ച്.ഒ നമ്പർ കത്ത് .

ഉത്തരവ്

കാസർഗോഡ് മോഗ്രാൽ ജി.വി.എച്ച്.എസ്.എസ്-ലെ എൽ.ഡി.ക്ലർക്ക് ആയ ശ്രീ. ഉന്മേഷ്.ബി-യെ പരാമർശം (3) ലെ സർക്കാർ ഉത്തരവു പ്രകാരം കുടുംബശ്രീ കൊല്ലം ജില്ലാ മിഷനിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയും തുടർന്ന് പരാമശം (4), (5) പ്രകാരം ടിയാളുടെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. ടിയാളുടെ അന്യത്രസേവന കാലാവധി 02/05/2020 -ന് അവസാനിച്ചതായും 03/05/2020 മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവനകാലം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (6) -ലെ കത്ത് പ്രകാരം കുടുംബശ്രീ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ഉന്മേഷ്. ബി-യുടെ (എൽ.ഡി.ക്ലർക്ക്, ജി.വി.എച്ച്.എസ്.എസ്, മോഗ്രാൽ, കാസർഗോഡ്) കുടുംബശ്രീ കൊല്ലം ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്രസേവനകാലം കേരള സർവ്വീസ് റൂൾ ഭാഗം-1 ചട്ടം140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1)സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 03.05.2020 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**ഹരികുമാർ എ.എസ്**
**അണ്ടർ സെക്രട്ടറി**

കുടുംബശ്രീ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ. ഉന്മേഷ്.ബി (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ഡയറക്ടർ, പൊതുവിദ്യാഭ്യാസ, തൊഴിലധിഷ്ഠിത ഹയർസെക്കന്ററി വിംഗ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ( ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ),കേരള,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**